46 (672) സംസ്ഥാനത്ത് നടന്ന ബന്ദുകൾ

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാന വ്യാപകമായി എത്ര ബന്ദുകൾ നടത്തി; എന്നൊക്കെ; ഓരോന്നും ആഹ്വാനം ചെയ്ത രാഷ്ട്രീയ പാർട്ടികൾ ഏതൊക്കെയാണ്;

(ബി) ഈ കാലയളവിൽ ഓരോ വർഷവും നടത്തിയ പ്രാദേശിക ബന്ദുകൾ എത്ര; പാർട്ടി അടിസ്ഥാനത്തിലെ എണ്ണം എത്ര;

(സി) ഈ കാലയളവിൽ ഓരോ വർഷവും നടത്തിയ സംസ്ഥാന വ്യാപകമായ ഹർത്താലുകൾ എത്ര; അവ എന്നൊക്കെയായിരുന്നെന്നും ഓരോന്നും ആഹ്വാനം ചെയ്ത രാഷ്ട്രീയ പാർട്ടി ഏതൊക്കെയെന്നതും സംബന്ധിച്ച വിശദവിവരം നൽകുമോ;

(ഡി) ഓരോ പാർട്ടിയും ഓരോ വർഷം നടത്തിയ പ്രാദേശിക ഹർത്താലുകളുടെ വിശദവിവരം നൽകുമോ;

(ഇ) ഈ കാലയളവിൽ ഓരോ പാർട്ടിയും നടത്തിയ പൊതു പണി മുടക്കുകളുടെ വിശദവിവരം നൽകുമോ;

(എഫ്) ഓരോ പാർട്ടിയും ഈ കാലയളവിൽ നടത്തിയ ട്രെയിൻ തട യൽ, റെയിൽവേ ലൈനിലെ മനുഷ്യശൃംഖല തുടങ്ങിയവയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1996-ൽ സംസ്ഥാന വ്യാപകമായി 4 ബന്ദുകളും 1997-ൽ 4 ബന്ദുകളും നടത്തിയിട്ടുണ്ട്. ബന്ദ് ആഹ്വാനം ചെയ്ത രാഷ്ട്രീയ പാർട്ടികളും നടത്തിയ തീയതിയും താഴെ കൊടുത്തിരിക്കുന്നു.

27.5.96	-	ബി.ജെ.പി.
26.6.96	-	ബി.ജെ.വൈ.എം.
18.9.96	-	എ.ബി.വി.പി.
25.9.96	-	കേരള ഫിഷറീസ്. കോ-ഓർഡിനേഷൻ കമ്മിറ്റി (കോ സ്റ്റൽ ബന്ദ്)
25.2.97	-	പിന്നോക്ക സമുദായ വിമോചന മുന്നണി.
1.7.97	-	ബി.ജെ.പി.
9.7.97	-	യു.ഡി.എഫ്.
21.7.97	-	വിവിധ ദളിത് സംഘടനകൾ

(ബി) 1996-ൽ 9 പ്രാദേശിക ബന്ദുകളും, 1997-ൽ 7 പ്രാദേശിക ബന്ദു കളും നടത്തിയിട്ടുണ്ട്.

കോൺഗ്രസ്സ് (ഐ)/യു.ഡി.എഫ്	-	5
ബി.ജെ.പി./എ.ബി.വി.പി.	-	5
സി.പി.എം.	-	3

LIBRARY ARCHIVES Kerala Legislative Assembly

പി.ഡി.പി. - 1

മത്സ്യത്തൊഴിലാളി യൂണിയൻ - 1

ദളിത് അവകാശ സംരക്ഷണ സമിതി - 1

(സി) 1996-ൽ സംസ്ഥാന വ്യാപകമായി ഒരു ഹർത്താലും 1997-ൽ രണ്ട് ഹർത്താലുകളും, 1998-ൽ അഞ്ച് ഹർത്താലുകളും 1999-ൽ മൂന്ന് ഹർത്താലുകളും നടത്തിയിട്ടുണ്ട്.

6.12.96 - പി.ഡി.പി.

20.2.97 - കേരള വ്യാപാരി വ്യവസായി ഏകോപന സമിതി

6.12.97 - പി.ഡി.പി.

15.1.98 - ശ്രീ നാരായണധർമ്മ സമന്വയ സമിതി

2.4.98 - പി.ഡി.പി.

25.9.98 - എൽ.ഡി.എഫ്.

2.12.98 - വ്യാപാരി വ്യവസായി ഏകോപന സമിതി.

6.12.98 - പി.ഡി.പി.

9.2.99 - എൽ.ഡി.എഫ്.

25.5.99 - കേരള വ്യാപാരി വ്യവസായി ഏകോപന സമിതി

10.6.99 - യു.ഡി.എഫ്.

(ഡി) യു.ഡി.എഫ്. മൂന്ന് പ്രാദേശിക ഹർത്താലുകൾ നടത്തിയിട്ടുണ്ട്.

8.9.98 - കണ്ണൂർ ജില്ല

24.9.98 - കൊല്ലം ജില്ല

16.10.98 - കോഴിക്കോട് ജില്ല.

(ഇ) 11.12.98-ൽ വിവിധ ട്രേഡ് യൂണിയനുകൾ ഒരു പൊതു പണിമുടക്ക് നടത്തിയിട്ടുണ്ട്.

(എഫ്) രണ്ട് ട്രെയിൻ തടയൽ സമരവും ഒരു മനുഷ്യശൃംഖലയും നടത്തിയിട്ടുണ്ട്.

3.10.99 - കേരള കോൺഗ്രസ് (ജെ)

15.2.99 - യു.ഡി.എഫ്.

9.5.99 - ഡി.വൈ.എഫ്.ഐ (മനുഷ്യശൃംഖല)

47 (673) ഗജപ്രിയ പാർസൽ സർവ്വീസ് കെട്ടിടം നശിപ്പിച്ച സംഭവം

<u>ശ്രീ. ഉമ്മൻചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ഗജപ്രിയ പാർസൽ സർവ്വീസ് നടത്തുന്ന കെട്ടിടം 31.5.99-ൽ നശിപ്പിച്ചതായുള്ള പരാതി പോലീസിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly